## Malayala Manorama
## 29 August 2018
## Idukki, Rajakumari, After Flood, Restore

# 10 വർഷം കഴിഞ്ഞാലും ഇടുക്കിയെ പൂർവ സ്ഥിതിയിൽ എത്തിക്കാനാവില്ല: മന്ത്രി മണി

രാജകുമാരി● കാലവർഷക്കെടുതിയിൽ കനത്ത നാശനഷ്ടമുണ്ടായ ഇടുക്കി ജില്ലയെ പത്തു വർഷം കഴിഞ്ഞാലും പൂർവസ്ഥിതിയിലാക്കാൻ കഴിഞ്ഞെന്നുവരില്ലെന്ന് മന്ത്രി എം.എം.മണി. വിദേശരാജ്യങ്ങളിൽ നിന്നുള്ള ധനസഹായത്തിന് എതിരുനിൽക്കുന്ന കേന്ദ്രം, കേരളത്തിന് അർഹമായതു നൽകാൻ തയാറായിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

ബോഡിനായ്ക്കന്നൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഏലം വ്യാപാരികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു സമാഹരിച്ചു നൽകിയ പത്തുലക്ഷം രൂപയും ഭക്ഷ്യവസ്തുക്കളും ഏറ്റുവാങ്ങുകയായിരുന്നു അദ്ദേഹം.